# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3525 — 22.08.2017 ൽ മറുപടിയ്ക്ക്

### പുകയിലയ്ക്ക് അടിമകളാകുന്നവരെ മോചിപ്പിക്കുന്നതിനായി നടത്തിയ പരിശീലന പരിപാടി

| | ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പുകയിലയ്ക്ക്അടിമകളാകുന്നവരെ മോചിപ്പിക്കുന്നതിനായി ആരോഗ്യവകപ്പിന്റെ ആഭിമുഖ്യത്തിൽ ഡോക്ടർമാർക്കായി 2017 മേയ് അവസാനവാരം തിരുവനന്തപുരത്ത് പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നോ; | എ) | സംഘടിപ്പിച്ചിരുന്നു. |
| ബി) | പ്രസ്തുത പരിപാടിയിൽ എത്ര ഡോക്ടർമാർ പങ്കെടുത്തുവെന്നും, എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | ബി) | 35 ഡോക്ടർമാർ പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുത്തു. മീറ്റിംഗിന്റെ സംഘടനാചിലവും പരിശീലനത്തിനെത്തിയ ഡോക്ടർമാരുടെ റ്റി.എ/ഡി.എയും വഹിച്ചത് ദേശീയ പുകയില നിയന്ത്രണ പദ്ധതിയുടെ ഫണ്ടിൽ നിന്നാണ്. 65,000/-രൂപ ഇതിനായി ചിലവഴിച്ചിട്ടുണ്ട്. |
| സി) | ഈ പരിശീലന പരിപാടിക്ക് ഏതെങ്കിലും ബഹുരാഷ്ട്ര മരുന്ന് കമ്പനിയുടെ പങ്കാളിത്തമുണ്ടായിരുന്നോ; എങ്കിൽ ഏത് കമ്പനി എന്ന് വെളിപ്പെടുത്തുമോ; | സി) | പുകയില വിമുക്തിക്കായി ലോക വ്യാപകമായി ഉപയോഗിക്കുന്ന Varenicline (വാർണിക്ലിൻ) എന്ന മരുന്ന് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയായ ഫൈസർ-ന്റെ പ്രതിനിധികൾ ഈ മരുന്നിനെക്കുറിച്ച് പരിചയപ്പെടുത്തുന്നതിനായി മരുന്നിന്റെ വിശദാംശങ്ങളുൾപ്പെട്ട പഠന സാമഗ്രികൾ അടങ്ങിയ ഫയൽ പരിശീലന പരിപാടിയിൽ വിതരണം നടത്തിയിരുന്നു. |
| ഡി) | പ്രസ്തുത കമ്പനി ഉൽപാദിപ്പിക്കുന്ന മരുന്ന് ഉപയോഗിച്ചുള്ള ചികിത്സയാണോ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയത്? | ഡി) | ഡി-അഡിക്ഷൻ സെന്ററുകളിൽ ഉപയോഗിക്കുന്നതിനായി ലൊറാസെപ്പാ, ഹലോപെരിഡോൾ, തയമിൻ, ബാക്ലോഫെൻ, അക്രംപൊസേറ്റ്, വാരാനിക്ലിൻ എന്നീ മരുന്നുകൾ ഈ വർഷം വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു ഉൾപ്പന്നം മാത്രമാണ് |

| | | | |
|---|---|---|---|
| | | | ഫൈസർ കമ്പനി ഉൽപ്പാദിപ്പിക്കുന്ന വാരാനിക്ലിൻ. താരതമ്യേന പുതിയ ഒരു ഉൽപ്പന്നമായതിനാലാണ് കമ്പനി നേരിട്ട് മരുന്നിനെക്കുറിച്ചുള്ള വിശദാംശങ്ങളടങ്ങിയ ലഘുലേഖ വിതരണം ചെയ്യുന്നതും ഡോക്ടർമാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പ്രതിനിധിയെ അയച്ചതും. |

സെക്ഷൻ ഓഫീസർ